പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3359 — 18.2.2013-ൽ മറുപടിക്ക്

മാലിന്യസംസ്കരണത്തിന് നാനോ
ടെക്നോളജി സാങ്കേതിക വിദ്യ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>'' മാത്യു റ്റി. തോമസ്<br>'' സി.കെ. നാണു<br>ശ്രീമതി. ജമീലാ പ്രകാശം | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തുടനീളം മാലിന്യ സംസ്കരണത്തിനു വേണ്ടി നാനോ ടെക്നോളജി അടക്കമുള്ള സാങ്കേതിക വിദ്യ അവലംബിക്കുമെന്നുള്ള മുൻ പ്രഖ്യാപനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) കോർപ്പറേഷനുകളിലും നഗരസഭകളിലും നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളിൽ നിന്ന് ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്ത് നവീന സാങ്കേതിക വിദ്യകളായ പൈറോളിസിസ്, ഗ്യാസിഫിക്കേഷൻ, ഇൻസിനറേഷൻ, നവീന ബയോമെതനൈസേഷൻ, എന്നിവയും ഇവയിൽ ഒന്നിൽ കൂടുതൽ ചേർന്ന ഇന്റഗ്രേറ്റഡ് സാങ്കേതിക വിദ്യകളും മാലിന്യ സംസ്കരണത്തിൽ ഉപയോഗപ്പെടുത്താനായി നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | ബി) സ്വകാര്യ പങ്കാളിത്തത്തോടെ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു കൊണ്ടുള്ള പ്ലാന്റുകൾതിരുവനന്തപുരം, കോട്ടയം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കാനായി നടപടികൾ എടുത്തിട്ടുണ്ട്. ഇവയിൽ തിരുവനന്തപുരത്ത് ചാലയിൽ സ്ഥാപിക്കുന്ന പ്ലാന്റിന്റെ വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ശേഷിക്കുന്ന സ്ഥലങ്ങളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| സി) 2011 ഗാന്ധിജയന്തി ദിവസം മുതൽ 2012 ഗാന്ധിജയന്തി ദിവസം വരെയുള്ള ഒരു വർഷം ശുചിത്വകേരളം പദ്ധതിയിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇതിൽ ഏതെല്ലാമാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ ? | സി) 2011 ഗാന്ധിജയന്തി ദിവസം മുതൽ 2012 ഗാന്ധിജയന്തി ദിവസം വരെയുള്ള ഒരു വർഷം ശുചിത്വ വർഷം പ്രോജക്ടിന്റെ ഭാഗമായി നിശ്ചയിച്ചിരുന്ന പ്രകാരം സംസ്ഥാന/ജില്ലാതല ഉദ്ഘാടനങ്ങളും, നിയമസഭ നിയോജകമണ്ഡലതല ഉദ്ഘാടനങ്ങളും സംഘടിപ്പിച്ചു. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണത്തിന് നവീന സാങ്കേതിക വിദ്യ ഉപയോഗിച്ച് വലിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളിലെ കുറവുകൾ പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഖരമാലിന്യ സംസ്ക |

രണ സംവിധാനം നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർധിപ്പിച്ച് നിശ്ചയിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ 22 കോടി രൂപ 28 നഗരസഭകൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ സംസ്ഥാനത്താകെ ബൃഹത്തായ ഐ.ഇ.സി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. വിശേഷാൽ ഗ്രാമസഭകൾ/ വാർഡ് സഭകൾ, കുടുംബശ്രീ മുഖേനയുള്ള വിവിധപ്രവർത്തനങ്ങൾ, അയൽക്കൂട്ട ആരോഗ്യദായക വോളന്റിയർ പരിശീലനം, ശുചിത്വ പ്രവർത്തനങ്ങൾ, കലാസാംസ്കാരിക പ്രതിഭകൾ, വ്യവസായ വ്യാപാര സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ, റേഡിയോ, റ്റി.വി സന്ദേശങ്ങൾ, വ്യക്തിഗത പരിസര ശുചിത്വ ബോധവത്കരണം, ക്ലാസുകൾ, പരിശീലനങ്ങൾ, പ്രോജക്ട് ക്ലിനിക്കുകൾ, ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് സെമിനാറുകൾ, എക്സിബിഷനുകൾ, ടെക്നോളജി വർക്ക് ഷോപ്പുകൾ, സ്കൂൾ ശുചിത്വാരോഗ്യ പരിപാടികൾ, വെക്കേഷൻ ക്ലാസ്സുകൾ, തൊഴിലുറപ്പു പദ്ധതി മെയ്റ്റുകൾക്കുള്ള പരിശീലനങ്ങൾ എന്നിങ്ങനെ വളരെ വിപുലമായ ഐ.ഇ.സി. പരിപാടികളാണ് സംഘടിപ്പിച്ചത്.

സെക്ഷൻ ഓഫീസർ